Website

വളരെ അടിയന്തിരം

"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, KSHB,
ശാന്തിനഗർ, തിരുവനന്തപുരം

നമ്പർ:ഇ7/11720/15

തീയതി:20/05/2015

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - വർക്ക്ഷോപ്പ് കെട്ടിടത്തിന്റെ നവീകരണം -സംബന്ധിച്ച്.

സൂചന:- ഈ ഓഫീസിൽ നിന്നുമുള്ള 16/04/15-ലെ ഇതേ നമ്പരായ സർക്കുലർ.

*********

നടപ്പുസാമ്പത്തിക വർഷത്തിൽ '2230-03-101-87-modernisation of ITIs-34-other items(Plan) 2015-16' എന്ന ശീർഷകത്തിൽ 3 കോടി രൂപ വർക്ക്ഷോപ്പ് കെട്ടിട നിർമ്മാണത്തിനായി ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ താങ്കളുടെ സ്ഥാപനത്തിലെ വർക്ക്ഷോപ്പ് കെട്ടിടം നവീകരിക്കുന്നതിനു വേണ്ടി ബന്ധപ്പെട്ട അംഗീകൃത ഏജൻസികളിൽ നിന്നുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കി 30/04/15-ന് മുൻപായി ശുപാർശ സമർപ്പിക്കുവാൻ സുചന സർക്കുലർ പ്രകാരം നിർദ്ദേശിച്ചിരുന്നു. എങ്കിലും വളരെ തുച്ഛമായ ഐ.ടി.ഐകളിൽ നിന്നുമാത്രമേ പ്രസ്തുത എസ്റ്റിമേറ്റ് ലഭ്യമായിട്ടുള്ളൂ. ടി സാഹചര്യത്തിൽ താങ്കൾ എത്രയും വേഗം എസ്റ്റിമേറ്റ് ഉൾപ്പടെയുള്ള ശുപാർശ ***25/05/2015ന് മുൻപ് ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതാണ്.*** താങ്കളുടെ സ്ഥാപനത്തിൽ വർക്ക്ഷോപ്പ് കെട്ടിടം നവീകരിക്കേണ്ടതില്ലായെങ്കിൽ Nil റിപ്പോർട്ട് മേൽപ്പറഞ്ഞ സമയപരിധിയ്ക്കുള്ളിൽ ലഭ്യമാക്കേണ്ടതാണ്.

**നിശ്ചിത സമയപരിധിയിൽ ലഭിയ്ക്കാത്ത ശുപാർശ യാതൊരു കാരണവശാലും നടപ്പു സാമ്പത്തിക വർഷത്തിലും, അടുത്ത സാമ്പത്തിക വർഷത്തിലും പരിഗണിക്കുന്നതല്ല.** ആയതിനാൽ സമയപരിധി കർശനമായും പാലിച്ചുകൊണ്ട് ആവശ്യമായ ശുപാർശ നിശ്ചിത സമയപരിധിക്കുള്ളിൽ ഡയറക്ടറേറ്റിൽ പ്രത്യേക ദുതൻ മുഖാന്തിരം പർച്ചേസ് വിഭാഗത്തിൽ ഹാജരാക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

**സ്വീകർത്താവ്:**

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും